ENTRI

1 Crore User Downloads

# CURRENT AFFAIRS 15 JUNE 2025



▷ **2023-25 ഐസിസി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീട ജേതാക്കൾ**

**ദക്ഷിണാഫ്രിക്ക**

- ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ നടന്ന ഫൈനലിൽ ഓസ്ട്രേലിയയെ പരാജയപ്പെടുത്തിയാണ് ദക്ഷിണാഫ്രിക്ക കിരീടം സ്വന്തമാക്കിയത്.
- ഫൈനലിലെ താരം - ഏയ്ഡൻ മാർക്രം
- ദക്ഷിണാഫ്രിക്കയുടെ ക്യാപ്റ്റൻ - ടെംബ ബവുമ

---



▷ **ഇറാനിലെ ആണവ പരീക്ഷണ കേന്ദ്രങ്ങളിൽ ഉൾപ്പെടെയുള്ള രഹസ്യ കേന്ദ്രങ്ങളിൽ ഇസ്രയേൽ സൈന്യം നടത്തിയ ആക്രമണങ്ങൾക്ക് നൽകിയ പേര്**

**ഓപ്പറേഷൻ റൈസിങ് ലയൺ**

---

▷ **2025 ൽ ഐസിസി ഹാൾ ഓഫ് ഫെയിമിൽ ഉൾപ്പെടുത്തിയ മുൻ ഇന്ത്യൻ ക്യാപ്റ്റൻ**

**എംഎസ് ധോണി**

- ഐസിസി ഹാൾ ഓഫ് ഫെയിമിൽ ഇടം നേടുന്ന 11-ാമത്തെ ഇന്ത്യൻ ക്രിക്കറ്റ് കളിക്കാരനാണ് ധോണി.
- ധോണിയടക്കം 7 പേരാണ് പുതുതായി ഹാൾ ഓഫ് ഫെയിമിൽ ഇടംപിടിച്ചത്.
- ഗ്രെയിം സ്മിത്ത്, ഹാഷിം അംല (ദക്ഷിണാഫ്രിക്ക), ഡാനിയൽ വെട്ടോറി (ന്യൂസീലൻഡ്), മാത്യു ഹെയ്ഡൻ (ഓസ്ട്രേലിയ), സന മിർ (പാക്കിസ്ഥാൻ), സാറ ടെയ്‌ലർ (ഇംഗ്ലണ്ട്) തുടങ്ങിയവരാണു ഹാൾ ഓഫ് ഫെയിമിൽ പുതിയതായി ചേർക്കപ്പെട്ട മറ്റുള്ളവർ.



എംഎസ് ധോണി

---




▷ **ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള സംയുക്ത സൈനിക അഭ്യാസമായ എക്സർസൈസ് ശക്തി-2025 ന്റെ വേദി**

**ലാ കാവലറി, ഫ്രാൻസ്**

---

▷ **2025 ജൂണിൽ രാജസ്ഥാനിലെ പൊഖ്റാൻ ഫയറിംഗ് റേഞ്ചിൽ ഇന്ത്യൻ സൈന്യം വിജയകരമായി പരീക്ഷിച്ച ലംബമായി ടേക്ക് ഓഫും ലാൻഡിംഗും (VTOL) ചെയ്യാൻ സാധിക്കുന്ന ഹൈബ്രിഡ് ഡ്രോൺ**

**രുദ്രാസ്ത്ര**

- ഇന്ത്യൻ സൈന്യവുമായി സഹകരിച്ച് നാഗ്പൂരിലെ സോളാർ ഡിഫൻസ് ആൻഡ് എയ്റോസ്പേസ് ലിമിറ്റഡ് (SDAL) ആണ് രുദ്രാസ്ത്ര വികസിപ്പിച്ചത്.

